(എ) പി. എസ്. സി. പ്രസിദ്ധീകരിച്ച നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ ഏതെല്ലാം ഉദ്യോഗങ്ങൾക്കുള്ളതാണെന്ന് പറയാമോ;

(ബി) ഇവയുടെ കാലാവധി എന്നുവരെയാണ് നിശ്ചയിച്ചിരുന്നത്;

(സി) ഇതിൽ ഏതെങ്കിലും ലിസ്റ്റിൽ നിന്നും മുഴുവൻ പേരുടെയും നിയമനം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) പൂർണ്ണമായും നിയമനം നടന്നിട്ടില്ലാത്ത ലിസ്റ്റുകളുടെ കാലാവധി നീട്ടി കൊടുക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ലോവർ ഡിവിഷൻ ക്ലാർക്കിന്റെ ഒഴിവുകൾ

17. [17] ശ്രീ. ടി. പി. എം. സാഹിർ:
,, പെർക്കളം അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ 2005 ഡിസംബർ വരെ ഓരോ ജില്ലയിലും ലോവർ ഡിവിഷൻ ക്ലർക്കിന്റെ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു. ;

(ബി) ഇവയുടെ വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

വികലാംഗരുടെ നിയമനം

18. [18] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗനിയമനത്തിന് സംസ്ഥാനത്താകെ എത്ര ഒഴിവുകൾ നികത്താൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ;

(സി) പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിൽ വികലാംഗർക്ക് കൃത്യമായി പോസ്റ്റുകൾ സംവരണം ചെയ്ത് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly